**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5503** **05-07-2024 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് ക്ലബ്ബുകൾക്കും പരിശീലന കേന്ദ്രങ്ങൾക്കും ലഭിക്കുന്ന സഹായങ്ങളും ഗ്രാൻറും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ കായിക താരങ്ങൾക്ക് നല്ല നിലയിൽ പരിശീലനം നൽകിവരുന്ന സ്പോർട്സ് ക്ലബ്ബുകൾക്കും പരിശീലന കേന്ദ്രങ്ങൾക്കും എന്തൊക്കെ സഹായങ്ങളാണ് ചെയ്തു വരുന്നതെന്നും ഇതിനായി എത്ര രൂപ ചിലവഴിക്കുന്നുണ്ടെന്നും അറിയിക്കാമോ; | (എ) | കായിക താരങ്ങൾ, കായിക സംഘടനകൾ/ ക്ലബുകൾ, സ്കൂളുകൾ എന്നിവയ്ക്ക് കായിക വികസനനിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം ഗവ. എയ്ഡഡ് സ്കൂൾ/ക്ലബ്/കായിക സംഘടനകൾ/ സർക്കാർ ഓഫീസുകളിലെ സ്പോർട്സ് റിക്രിയേഷൻ ക്ലബുകൾ എന്നിവയ്ക്ക് സ്പോർട്സ്/ഫിറ്റ്നെസ്സ് ഉപകരണങ്ങൾ വാങ്ങുന്നതിനാണ് സാമ്പത്തികസഹായം അനുവദിക്കുന്നത്. കൂടാതെ അന്താരാഷ്ട്ര/ദേശീയ നിലവാരത്തിലുള്ള കായിക താരങ്ങൾക്ക് കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സാമ്പത്തിക സഹായം അനുവദിച്ച് വരുന്നു. ഈ ആവശ്യത്തിനായി ഓരോ വർഷവും ബജറ്റിൽ വകയിരുത്തുന്ന തുക പൂർണ്ണമായും ചിലവഴിച്ച് വരുന്നു. |
| (ബി) | ദേശീയ അന്തർദേശീയ തലങ്ങളിൽ മെഡൽ നേടികൊടുക്കുന്ന ഇത്തരം പരിശീലന കേന്ദ്രങ്ങൾക്ക് ഗ്രാന്റ് നൽകാൻ നടപടികൾ ഉണ്ടാകുമോ? | (ബി) | കായിക താരങ്ങൾ, കായിക സംഘടനകൾ/ ക്ലബുകൾ, സ്കൂളുകൾ എന്നിവയ്ക്ക് കായിക വികസനനിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം ഗവ. എയ്ഡഡ് സ്കൂൾ/ക്ലബ്/കായിക സംഘടനകൾ/ സർക്കാർ ഓഫീസുകളിലെ സ്പോർട്സ് റിക്രിയേഷൻ ക്ലബുകൾ എന്നിവയ്ക്ക് സ്പോർട്സ്/ഫിറ്റ്നെസ്സ് ഉപകരണങ്ങൾ വാങ്ങുന്നതിനാണ് സാമ്പത്തികസഹായം അനുവദിക്കുന്നത്. കൂടാതെ അന്താരാഷ്ട്ര/ദേശീയ നിലവാരത്തിലുള്ള കായിക താരങ്ങൾക്ക് കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സാമ്പത്തിക സഹായം അനുവദിച്ച് വരുന്നു. ഈ |

| | | | |
|---|---|---|---|
| | | | ആവശ്യത്തിനായി ഓരോ വർഷവും ബജറ്റിൽ വകയിരുത്തുന്ന തുക പൂർണ്ണമായും ചിലവഴിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ